# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 565

09-02-2016-ൽ മറുപടിക്ക്

## ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംരംഭക പ്രോത്സാഹന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കിയോ എന്ന് വ്യക്തമാക്കുമോ ; | (എ) യുവ വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കുമായി കെ.എസ്.ഐ.ഡി.സി എറണാകുളം ജില്ലയിലെ ഇൻഫോപാർക്ക് ക്യാമ്പസിൽ ഒരു ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വിവിധ മേഖലകളിലുള്ള പതിനഞ്ചോളം കമ്പനികൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ, വിദ്യാർത്ഥികളുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി യുടെ നേതൃത്ത്വത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിലും യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് കോളേജുകളിൽ തന്നെ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് , തിരുവനന്തപുരം ജില്ലയിലെ മാർ ബസേലിയസ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് & ടെക്നോളജി എന്നീ കോളേജുകളിൽ കെ.എസ്.ഐ.ഡി.സി.യുമായി സഹകരിച്ച് സ്ഥാപിച്ച ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br><br>തിരുവനന്തപുരത്ത് ടെക്നോപാർക്കിലും എറണാകുളത്ത് ടെക്നോളജി ഇന്നവേഷൻ സോണിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേറ്ററുകൾ നിലവിൽ പ്രവർത്തിച്ചു |

വരുന്നു. കൂടുതൽ ഇൻകുബേറ്ററുൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.

**(ബി)** എങ്കിൽ ഇത് മൂലം ഉദ്ദേശിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ;

**(ബി)** വിദ്യാർത്ഥി യുവസംരംഭകരുടെ നൂതന ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനു വേണ്ടിയാണ് ബിസിനസ് ഇൻകുബേറ്ററുകൾ പ്രധാനമായും സ്ഥാപിക്കുന്നത്.

**(സി)** ഇതിനായി ബഡ്ജറ്റിൽ നീക്കി വച്ച തുക പ്രസ്തുത ആവശ്യത്തിലേക്കായി ഉപയുക്തമാക്കിയിട്ടുണ്ടോ ?

**(സി)** 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.ക്ക് മൊത്തം 16.35 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ഇതുവരെ 3.35 കോടി രൂപ കെ.എസ്.ഐ.ഡി.സി ചെലവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ